**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **07-02-2023 - ൽ മറുപടിയ്ക്ക്**

**മരം കയറ്റ് തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മരം കയറ്റ് തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | മരം കയറ്റ തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് നിലവില്ല. ആയത് ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | മരം കയറ്റ് തൊഴിലാളികൾക്ക് തൊഴിലിനിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് ധനസഹായ പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | തൊഴിലിനിടയിൽ അപകടത്തിൽപ്പെടുന്ന മരം കയറ്റ തൊഴിലാളികൾക്കായി, 1980-ലെ കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, 2012-ലെ കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി എന്നിങ്ങനെ രണ്ടു പദ്ധതികൾ നിലവിലുണ്ട്. കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം, തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ വൈകല്യം സംഭവിക്കുന്ന മരം കയറ്റ തൊഴിലാളിക്ക് 50,000/- രൂപയും (അൻപതിനായിരം രൂപ മാത്രം), തൊഴിലാളി മരണപ്പെടുന്ന പക്ഷം ആശ്രിതർക്ക് 1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം) എക്സ്-ഗ്രേഷ്യാ ധനസഹായമായി നൽകി വരുന്നുണ്ട്. കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി പ്രകാരം, നിലവിൽ പ്രതിമാസം 1600/- രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ